Lalith Babu

**വിവരാവകാശ നിയമപ്രകാരമുള്ള കത്തുകൾ രജിസ്റ്റേർഡ് തപാൽ ആയി അയക്കണമെന്ന് ചട്ടത്തിൽ നിഷ്കർഷിക്കുന്നില്ല എന്നാൽ കത്തുകൾ അയച്ചത് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ഡസ്പാച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്**

6. പരാതിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ മതിയായ കാരണം കൂടാതെ സമയബന്ധിതമായി തീർപ്പാക്കാതിരുന്നതിന് അപേക്ഷ സമർപ്പിച്ച കാലയളവിൽ ൦ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയും സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസറുമായിരുന്ന രണ്ടാം എതൃകക്ഷിക്കെതിരെ വിവരാവകാശ നിയമപ്രകാരം പിഴ ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിന് കമ്മിഷൻ നോട്ടീസ് നൽകി. ഇതനുസരിച്ച് രണ്ടാം എതൃകക്ഷി 23-9-2008-നും 14-10-2008-നും കമ്മിഷൻ മുൻപാകെ ഹാജരാകുകയും വാക്കാലും രേഖാമൂലവും വിശദീകരണം നൽകുകയും ചെയ്തു. പരാതിക്കാരൻ 15-10-2007 തീയതിവച്ച് സമർപ്പിച്ച അപേക്ഷയിൽ 5 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ച്‌വച്ചു കൊണ്ട് ഫീസ് അടക്കുന്നതിനായി പരാതിക്കാരന് 14-11-2007-ന് സാധാരണ തപാലിൽ കത്ത് അയച്ചിട്ടുണ്ടെന്നും എതൃകക്ഷി ബോധിപ്പിക്കുകയുണ്ടായി. 14-11-2007-ന് സാധാരണ തപാലിൽ കത്ത് അയച്ചതിന്റെ തെളിവിലേക്കായി ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് രണ്ടാം എതൃകക്ഷി കമ്മിഷൻ മുൻപാകെ ഹാജരാക്കിയിട്ടുണ്ട്.

7. പരാതിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ് 14-11-2007-ന് സാധാരണ തപാലിൽ മറുപടി അയച്ചിരുന്നു എന്ന എതൃകക്ഷിയുടെ മറുപടി സ്വീകരിച്ചുകൊണ്ടും പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കമ്മിഷൻ ഹിയറിംഗിൽ നിർദ്ദേശിച്ച പ്രകാരം 30-8-2008-ന് രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുത്തു എന്നത് പരിഗണിച്ചും പരാതിയിൽ മേൽ നടപടി അവസാനിപ്പിച്ചു കൊണ്ട് കമ്മിഷൻ ഇതിനാൽ ഉത്തരവാകുന്നു. ലഭിച്ച മറുപടിയെകുറിച്ച് പരാതിയുണ്ടെങ്കിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

പരാതി ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2008 ഒക്ടോബർ മാസം 20-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.